(ഡി) ഇത്തരത്തിൽ ഏതെങ്കിലും ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ഇ) മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

അപ്ഗ്രേഡ് ചെയ്ത ആയുർവേദ ആശുപത്രികളിൽ ക്ലാർക്ക് തസ്തിക

123 (830) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികളെ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ ഓഫീസറുടെയും ആശുപത്രി സ്റ്റാഫുമാരുടെയും തസ്തിക സൃഷ്ടിക്കുമ്പോൾ ക്ലാർക്കുമാരുടെ ആവശ്യകത കണക്കിലെടുത്ത് ഇതുമാത്രം ഒഴിവാക്കിയതുവഴി വകുപ്പിന് വല്ല സാമ്പത്തിക ലാഭവുമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളവയിൽ ക്ലാർക്ക് തസ്തിക അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്.

കൊല്ലം ജില്ലാ ആയുർവേദാശുപത്രി

124 (831) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആയുർവ്വേദാശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly